"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ വൈദ്യതി ചാർജ്ജിനത്തിൽ 11/2023 മുതൽ 3/2025 വരെ കുടിശ്ശികയായിട്ടുള്ള തുക വികസനഫണ്ട് വിഹിതം ഉപയോഗിച്ച് അടയ്ക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2682/2025/LSGD തീയതി,തിരുവനന്തപുരം, 05-11-2025

---

പരാമർശം:-

1. നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 30.01.2025-ലെ തീരുമാനം നമ്പർ 2(3)
2. പാലക്കാട് ജില്ലാ പ്ലാനിങ് ഓഫീസറുടെ 09.05.2025- ലെ കത്ത് (SRG/402/25 - CC/209/202)
3. 21.08.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.37

**ഉത്തരവ്**

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ 26 കുടിവെള്ള പദ്ധതികൾക്ക് 11/2023 മുതൽ 3/2025 വരെ ആകെ വൈദ്യുതി കുടിശ്ശിക 6,66,834 രൂപയാണ്. മുൻകാലങ്ങളിൽ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് വികസനഫണ്ട് ഉപയോഗിച്ചാണ് അടച്ചിരുന്നതെങ്കിലും 2023-24 വർഷം ഇതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിരുന്നില്ല. ഗുണഭോക്തൃ സമിതിയുടെ കുടിവെള്ള പദ്ധതി എന്നതിനാലാണ് പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കാതിരുന്നത്. നിലവിൽ ഉപയോഗിക്കാത്ത 13 കുടിവെള്ള പദ്ധതികളുടെയും ഉപയോഗിച്ചു കൊണ്ടിരിക്കുന്ന 2 പദ്ധതികളുടെയും വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരിക്കുന്ന സാഹര്യത്തിൽ ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് കുറവാണെന്നതും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 98 ശതമാനം തോട്ടം തൊഴിലാളികളാണെന്നും ഇവരിൽ കൂടുതലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരും നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്നവരും ആണെന്നതും പരിഗണിച്ചുകൊണ്ട് മുകളിൽ പറഞ്ഞ വൈദ്യുതി ചാർജ്ജ് വികസന ഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാരമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിക്കുകയും താഴെ പറയുന്ന തീരുമാനമെടുക്കുകയും ചെയ്തിരുന്നു

i) ബഹുഭൂരിപക്ഷം പേരും തോട്ടം തൊഴിലാളികളാണെന്നതും പട്ടിക വർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള പ്രദേശമാണെന്നതും പരിഗണിച്ച് അനുവദനീയമായ വികസനഫണ്ട് വിഹിതം ഉപയോഗിച്ച് വൈദ്യുതി കുടിശ്ശിക അടയ്ക്കാൻ അനുമതി നൽകുന്നു.

ii) മറ്റു വിധത്തിൽ (KWA മുഖേനയും മറ്റും) കുടിവെള്ളം ലഭ്യമാകുന്ന പ്രദേശത്തെ ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്ന ഗുണഭോക്തൃ സമിതിയുടെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതി ഉപേക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഒപ്പം ഈ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളായ പൊതുകുളം, തുറസ്സായ വലിയ കിണർ തുടങ്ങിയവ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആകെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷം പേരും തോട്ടം തൊഴിലാളികളാണെന്നതും പട്ടിക വർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള പ്രദേശമാണെന്നതും പരിഗണിച്ച് നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ 26 കുടിവെള്ള പദ്ധതികൾക്ക് 11/2023 മുതൽ 3/2025 വരെ വൈദ്യുതിചാർജ്ജിനത്തിൽ കുടിശ്ശിക ആയിട്ടുള്ള തുക അനുവദനീയമായ വികസനഫണ്ട് വിഹിതം ഉപയോഗിച്ച് അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. മറ്റു വിധത്തിൽ (KWA മുഖേനയും മറ്റും) കുടിവെള്ളം ലഭ്യമാകുന്ന പ്രദേശത്തെ ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്ന ഗുണഭോക്തൃ സമിതിയുടെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതി ഉപേക്ഷിക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ഈ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളായ പൊതുകുളം, തുറസ്സായ വലിയ കിണർ തുടങ്ങിയവ സംരക്ഷിക്കാൻ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 06-11-2025 10:30:22
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്